# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

## *Laity Reflect on*
## Syro-Malabar Sunday Mass SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

നോമ്പ് അഞ്ചാം ഞായർ

2022
മാർച്ച് 27



# ക്ഷമിക്കപ്പെട്ടവർ പണിയുന്ന പൂക്കാവനങ്ങൾ

ഉത്പ 4:8-16, 1 യോഹ 1:5-10, യോഹ 8:1-11

ബാല്യം മുതലേ ആവർത്തിച്ചു കേട്ടതു കൊണ്ട് ആഗ്നേയമായ ആഴങ്ങൾ കൈമോശം വന്നു പോയ ഒരു സുവിശേഷമുഹൂർത്തമാണ് പാപിനിയായ സ്ത്രീയുടേത്. നൂറാളുകളുടെ മുഷ്ടികൾക്കുള്ളിലിരുന്നു ഞെരിയുന്ന കല്ലുകൾക്കു മുന്നിൽ പ്രാണഭയത്തോടെ ഒരനാഥ. സുവിശേഷപ്രഘോഷകർ ഇവിടെ നിന്ന് ആകെ വായിച്ചെടുക്കുന്നത് നിങ്ങളിൽ പാപം ചെയ്യാത്തവർ കല്ലെറിയട്ടെ എന്ന വാക്യം മാത്രം. എന്നാൽ അതിനു മുമ്പ് ക്രിസ്തു എന്ന യുവാവായ പുരുഷൻ നേരിടുന്ന കനത്ത ഒരു വെല്ലുവിളിയുണ്ട്. ഒരു വേശ്യപ്പെണ്ണിന്റെ പക്ഷം ചേരുകയെന്നാൽ ആത്മഹത്യക്ക് തുല്യമാണ്. അതും വ്യഭിചാരം ചെയ്യുമ്പോൾ പിടിക്കപ്പെട്ട ഒരു ഗണികയുടെ!

യഹൂദപാരമ്പര്യം മഹാപാതകമായി ഗണിച്ച് വെറുത്തിരുന്ന വ്യഭിചാരം ചെയ്തവൾക്ക് പിന്തുണ പ്രഖ്യാപിക്കുക എന്നാൽ ഒരാൾ തന്റെ ഏറ്റവും വിലപ്പെട്ട സ്വത്തായ സൽപേര് അപകടത്തിലാക്കുക എന്നാണർത്ഥം. വലിയ ഒരു റിസ്കാണ് യേശു ഏറ്റെടുക്കുന്നത്. ഇതു വരെ തന്നെ ഗുരു എന്നു വിളിച്ചിരുന്നവർ അടുത്ത നിമിഷം മുതൽ വ്യഭിചാരികളുടെ സുഹൃത്തായി മുദ്രകുത്തും. ഒരാളുടെ മുഖം സമൂഹമധ്യേ കുനിക്കാൻ അതിനേക്കാൾ ഹീനമായതെന്തുണ്ട്!

ആ റിസ്ക് ക്രിസ്തു ഏറ്റെടുത്ത നിമിഷമാണ് ചരിത്രത്തിലെ ഏറ്റവും വലിയ കാരുണ്യപ്രകടനങ്ങളിലൊന്നിന് ഭൂമി സാക്ഷിയായത്! സ്വന്തം സൽപേര് പണയപ്പെടുത്തി കൊണ്ട് ക്രിസ്തു ഒരു മനുഷ്യജന്മം എന്ന നിലയിലുള്ള അവളുടെ ആത്മാഭിമാനം വീണ്ടെടുക്കുകയാണ്. അതുവരെ ഇരുളിലായിരുന്നു, അവൾ. ഒളിച്ചും പാത്തും ഓരങ്ങളിൽ ജീവിച്ചവൾ. ഇവിടെ ഒരാൾ, ആൾക്കൂട്ടത്തിനിടിയിൽ നിന്നും മാറി നിൽക്കുന്ന ഒരൊറ്റയാൻ അവൾക്കു തണൽമരമാകുന്നു. കരുണാനുഭവത്തിന്റെ ജോർദാൻ



അഭിലാഷ് ഫ്രേസർ

അരുവിയിൽ അന്നാദ്യമായി അവൾ മുങ്ങിത്താണു. ക്രിസ്തു എഴുതിയ മണലെല്ലാം അവളുടെ കണ്ണീര് വീണ് കുതിർന്നു എന്നെഴുതാൻ സുവിശേഷകാരൻ വിട്ടുപോയതാവാനേ തരമുള്ളൂ!

### ഹൃദയഭാരം കണ്ടറിയാൻ

ജനക്കൂട്ടത്തോടൊപ്പം നിന്ന് കല്ലെറിയാൻ എളുപ്പമാണ്. ഒഴുക്കിനൊപ്പം നീന്താനും. എന്നാൽ നെഞ്ചിൽ കല്ലുകളുടെ ഭാരം പേറുന്ന ഒരാളുടെ ഹൃദയഭാരം കണ്ടറിയുന്നതാണ് യഥാർത്ഥ സ്നേഹം. അയാളെ ഹൃദയം കൊണ്ട് ചേർത്തു പിടിക്കുന്നതിലാണ് കാരുണ്യം.

ഫ്രാൻസിസ് പാപ്പാ എന്തു കൊണ്ടാണ് ജയിലുകൾ സന്ദർശിക്കുന്നതെന്ന് ശ്രദ്ധിച്ചിട്ടുണ്ടോ? അവിടെയുള്ളത് പാപികളെന്നു മുദ്ര കുത്തപ്പെട്ടവരാണ്. സമൂഹത്താൽ വെറുക്കപ്പെട്ടവരും മാറ്റിനിർത്തപ്പെട്ടവരും. തങ്ങളെ ആർക്കും വേണ്ട എന്നു കരുതി അന്ധകാരത്തിൽ കഴിയുന്ന ആ തടവുകാരുടെ പക്കൽ പിതാവിന്റെ സ്നേഹത്തോടെ ചെന്നു നിന്ന് ഞാൻ നിങ്ങളുടെ സഹോദരനാണ് എന്ന് നൂറു കോടിയിലേറെ വരുന്ന സഭയുടെ നേതാവ് പറയുമ്പോൾ അത് അവരുടെ ഹൃദയങ്ങളെ എത്ര ആഴത്തിലാണ് സ്പർശിക്കുന്നത്! ലാറ്റിനമേരിക്കയിലെ കുപ്രസിദ്ധമായ ജയിലിലെ തടവുകാർ വാവിട്ടു കരഞ്ഞത് സങ്കടം കൊണ്ടല്ല, കരുണയാൽ മുറിവേറ്റിട്ടാണ്. സ്നേഹത്തിന്റെ ചൂട് സഹിക്കാൻ കഴിയാതെയാണ്!

ഹൃദയപൂർവം ക്ഷമ ലഭിച്ചവന്റെ ഹൃദയമാണ് ഭൂമിയിലെ ഏറ്റവും പ്രശാന്തമായ പൂങ്കാവനം. 'ആരും നിന്നെ വിധിച്ചില്ലേ?'- എന്ന ക്രിസ്തുവിന്റെ ചോദ്യത്തിന് സുവിശേഷത്തിലെ വ്യഭിചാരിണി 'ഇല്ല കർത്താവേ,' എന്ന് ഉത്തരം കൊടുക്കുമ്പോൾ അവളുടെ വികാരം അക്ഷരങ്ങൾക്ക് പകർത്താനാവാത്തതാണ്... അവളുടെ പിന്നീടുള്ള ജീവിതത്തെ കുറിച്ച്



ആലോചിച്ചിട്ടുണ്ടോ? അത് കരുണയുടെയും ക്ഷമയുടെയും സാഗരമാകാനേ തരമുള്ളൂ!

ബുദ്ധന്റെ ജീവചരിത്രത്തിൽ അംഗുലിമാലൻ എന്നൊരാളുടെ കഥ പറയുന്നുണ്ട്. യൗവനത്തിൽ അനുഭവിക്കേണ്ടി വന്ന ക്രൂരമായ അനുഭവങ്ങൾ അയാളെ ദയവില്ലാത്ത നിഷ്ഠുരനാക്കി മാറ്റുന്നു. മലഞ്ചെരിവുകളിൽ മറഞ്ഞിരുന്ന് ആ വഴി വരുന്ന വഴിപോക്കരെ കൊള്ളയടിച്ച്, അവരെ കൊന്ന് അവരുടെ കൈവിരലുകൾ അറുത്ത് മാലയാക്കി കഴുത്തിൽ തൂക്കി നടന്നതു കൊണ്ടാണ് അയാൾക്ക് ആ പേര് വീണത്. ഒരു നാൾ ദയാസാഗരമായ ബുദ്ധൻ അതു വഴി വന്നു. അംഗുലിമാലന് ബുദ്ധനെ കൊല്ലണം. 'അവിടെ നിൽക്കൂ!' എന്ന് അംഗുലിമാലൻ. ഞാൻ നില്ക്കുക യാണല്ലോ എന്ന് ബുദ്ധൻ. എന്നിട്ടും ഒരടി പോലും മുന്നോട്ടു വയ്ക്കാൻ കൊള്ളക്കാരന് കഴിയുന്നില്ല. അവസാനം അയാൾ ബുദ്ധകാരുണ്യത്തിനു മുന്നിൽ നമിച്ചു വീഴുന്നു. ആ കാരുണ്യം അയാളെ ആഴത്തിൽ തൊടുന്നു. പിന്നീടുള്ള ജീവിതം മുഴുവൻ കരുണാമയമാകുന്നു. ഭിക്ഷ യാചിച്ച്, നന്മകൾ ചെയ്ത്, അംഗുലിമാലന്റെ ജീവിതം കരുണയുടെ പകർപ്പാകുന്നു...

### കല്ലെറിയും മുമ്പേ

നാല് സുവിശേഷങ്ങളുടെയും കാതലാണ് ഈ വ്യഭിചാരിണിയുടെ സംഭവം. മനുഷ്യവംശം മുഴുവൻ ദൈവത്തിന്റെ മുന്നിൽ വിധി കാത്ത് നിൽക്കുന്നു. ക്രിസ്തുവാണ് വിധിയാളൻ. മനുഷ്യനെ ശിക്ഷയ്ക്കു വിധിക്കാനും അവനെ നിത്യനാശത്തിന്റെ കല്ലേറുകളിലേക്ക് വലിച്ചെറിയാനും നിത്യശത്രുവായ സാത്താൻ കാത്തു നിൽക്കുന്നു. ഈ രംഗത്തിലേക്കാണ് ക്രിസ്തുവിലൂടെ പിതാവായ ദൈവം വച്ചു നീട്ടുന്ന വലിയ കൃപ, ദൈവകാരുണ്യം ഒഴുകി വരുന്നത്. ഞാനും നിന്നെ വിധിക്കുന്നില്ല. എന്നു പറഞ്ഞു കൊണ്ട് ക്രിസ്തു ഉൽപത്തി പുസ്തകത്തിൽ വിവരിക്കുന്ന ശിക്ഷ മായ്ച്ചു കളയുന്നു. ഇനി മേലിൽ പാപം ചെയ്യരുത് എന്നു മാത്രം.

ദൈവം പോലും വിധി അവസാനദിനത്തിലേക്ക് മാറ്റി വയ്ക്കുമ്പോൾ വിധിക്കാൻ നമുക്കെന്ത് അധികാരം? മാധ്യമത്തമ്പുരാക്കന്മാർ മുതൽ സോഷ്യൽമീഡിയ വാഴുന്നോർ വരെ വിധിയാളന്മാരാകുന്ന കാലത്ത് ക്രിസ്തുവിന്റെ മനോഭാവം നമ്മെ വെല്ലുവിളിക്കുന്നുണ്ട്. വിധിക്കും മുമ്പ് അൽപം കൂടി ക്ഷമയാകാമോ? കല്ലെറിയും മുമ്പ് ഒരൽപം കാരുണ്യമാകാമോ? ലോകത്തെ തന്നെ വിഴുങ്ങാൻ കെൽപുള്ള യുദ്ധഭീഷണിയൊക്കെ നില നിൽക്കുന്ന ഈ കാലഘട്ടത്തിൽ കൈയിലെ കല്ലുകൾ താഴെയിടാനാണ് ഇന്നത്തെ സുവിശേഷത്തിന്റെ ആഹ്വാനം. പ്രായമായവർ മുതൽ ചെറിയ കുട്ടി വരെ കല്ലുകൾ താഴെയിട്ടു എന്നാണ് കുറിപ്പ്. ഉന്നതരായ രാഷ്ട്രനേതാക്കൾ മുതൽ സാധാരണക്കാർ വരെ തങ്ങളുടെ കൈയിലെ കല്ലുകൾ താഴെയിടണം - വിധിയുടെ കൽച്ചീളുകൾ. അപ്പോഴേ ഭൂമിയിലെ യുദ്ധങ്ങൾ അവസാനിക്കുകയുള്ളൂ!

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com